(ബി) പ്രസ്തുത കേസ്സുകളുടെ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിൽ അന്വേഷണം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട് ശ്രീ. ടി. ഒ. സൂരജ്, ഐ.എ.എസ്.-നെതിരെ 17-11-2014 തീയതിയിൽ വി.സി.9/14/എസ്.സി.ഇ. എന്ന നമ്പരിലും കൈക്കൂലി വാങ്ങിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. രാഹുൽ ആർ. നായർ, ഐ.പി.എസ്:-നെതിരെ 17-11-2014 തീയതിയിൽ വി.സി.5/2014/ എസ്.ഐ.യു-1 എന്ന നമ്പരിലും വിജിലൻസ് കേസ്സ് എടുത്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) വിജിലൻസ് കേസ്സുകളുടെ ബാഹുല്യംമൂലം കേസ്സന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

(ഡി) അന്വേഷണം നടന്നുവരുന്നു.

ജോസ് കെ. മാണി എം.പി.-യുടെ പരാതി

95(5681) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തന്റെ പേര് പരാമർശിക്കുന്ന സരിത എസ്. നായരുടെ കത്ത് വ്യാജമാണെന്നും ഇത് സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും കാട്ടി ജോസ് കെ. മാണി എം.പി., ഡി.ജി.പി.-ക്ക് പരാതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരാതിയിൽ സ്വീകരിച്ച തുടർ നടപടികളെന്തെല്ലാം ; അന്വേഷണത്തിനുത്തരവിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; കത്ത് വ്യാജമാണെന്നും കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതി ക്രൈംബ്രാഞ്ച് മേധാവിക്ക് അന്വേഷണത്തിനായി കൈമാറുകയും ആയതിൻമേൽ അന്വേഷണം നടത്തിവരികയുമാണ്.

(സി) ടി പരാതിയിൻമേൽ അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണം പൂർത്തിയായാൽ മാത്രമേ നിജസ്ഥിതി കണ്ടെത്താനാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly